**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 474** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി എടുത്ത കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് ഒരു വർഷം സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ; ഇത് ശരാശരി എത്ര കോടി രൂപയാണ്; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്ത-രോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 9,26,837 കോടി രൂപയുടെ 3.5 ശതമാനമായ 32,439 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ കടമെടുപ്പ് പരിധി. |
| (ബി) | സർക്കാരിന്റെ ചെലവുകൾക്കാവശ്യമായ വരുമാനം ഇല്ലാത്തതിനാൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കടമെടുക്കാനാണ് കിഫ്ബി എന്ന സ്ഥാപനം കൊണ്ടുവന്നത് എന്നത് ശരിയാണോ; വ്യക്തമാക്കാമോ; | (ബി) | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങ-ളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കി വരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നല്കി കൊണ്ട് വിദൂര ഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നു തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ്ബി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിയ്ക്ക് |

| | | | |
|---|---|---|---|
| | | | വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ട് എന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. പെട്രോളിയം സെസിലൂടെയും, മോട്ടോർ വാഹന നികുതിയുടെ വിഹിതമായും കിഫ്ബിയ്ക്ക് നൽകുന്ന തുകയിൽ ഏതെങ്കിലും കാരണത്താൽ കുറവുണ്ടാകുകയാണെങ്കിൽ അപ്രകാരമുള്ള കുറവ് സർക്കാർ നികത്തുന്നതാണ്. |
| (സി) | എത്ര ശതമാനത്തിന് പുറത്ത് അധിക തുക കടമെടുക്കാനാണ് കിഫ്ബി സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങ-ളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കി വരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നല്കി കൊണ്ട് വിദൂര ഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നു തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ്ബി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിയ്ക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ട് എന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. പെട്രോളിയം സെസിലൂടെയും, മോട്ടോർ വാഹന നികുതിയുടെ വിഹിതമായും കിഫ്ബിയ്ക്ക് നൽകുന്ന തുകയിൽ ഏതെങ്കിലും കാരണത്താൽ കുറവുണ്ടാകുകയാണെങ്കിൽ അപ്രകാരമുള്ള കുറവ് സർക്കാർ നികത്തുന്നതാണ്. |
| (ഡി) | കിഫ്ബി എടുത്ത കടം കൂടി സർക്കാർ കണക്കിൽ ഉൾപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ സർക്കാരിന്റെ വരുമാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ഡി) | കിഫ്ബി അടക്കമുള്ള സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീക-രിച്ചിട്ടുള്ളത്. ഈ നിലപാടിനോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിലപാടിൽ ഇളവ് അനുവദിക്കണമെന്ന് |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാം-ശങ്ങൾ നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേക്ക് 17,936 കോടി രൂപ പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് പരിഗണിക്കാതെ 14312.80 കോടി രൂപ Off Budget Borrowing ആണെന്ന നിലപാട് സ്വീകരിച്ച് ആ തുക നാല്ല തവണകളായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും ഇതിന്റെ ഭാഗമായി നടപ്പ് വർഷം 3578.20 കോടി രൂപ കടമെടുപ്പ് പരിധിയിൽ നിന്ന് കുറയ്ക്കുന്നതാണെന്നും, പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് 2021-22 മുതലുള്ള കണക്കുകൾ ഉടനടി ലഭ്യമാക്കണമെന്നും 04/07/2022 ലെ 40(12)PF-S/2021-22 നമ്പർ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. |
| (ഇ) | ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത് വഴിയുള്ള വരുമാനക്കുറവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | 2020-21, 2021-22 വർഷങ്ങളിൽ ഏകദേശം 12800 കോടി രൂപ വീതമാണ് ജി.എസ്.ടി നഷ്ടപരിഹാരമായി സംസ്ഥാനത്തിന് ലഭിച്ചത്. ഈ സാമ്പത്തിക വർഷം ഇതുവരെ 5,693 കോടി രൂപയാണ് ലഭിച്ചത്. ഇതു കൂടാതെ ഏകദേശം 6000 കോടി രൂപയുടെ കുറവ് നടപ്പ് വർഷം ഈ ഇനത്തിൽ ഉണ്ടായേക്കാം. |
| (എഫ്) | ഒന്നരലക്ഷം കോടിയോളം രൂപ വരുമാനം പ്രതീക്ഷിക്കുന്ന നടപ്പ് വർഷത്തെ ബജറ്റിൽ ഗണ്യമായ തുക നഷ്ടമായാൽ അതുമൂലമുണ്ടാകുന്ന സാമ്പത്തിക ആഘാതം എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാന-ത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവി-സിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് |

| | | | |
|---|---|---|---|
| | | | കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങ-ൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. എന്നാൽ ബജറ്റിൽ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നടപ്പ് വർഷം കുറവുണ്ടാകിനിടയില്ലായെന്നാണ് കണക്കാക്കപ്പെടുന്നത്. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്ത-നങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യ-ത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. |

സെക്ഷൻ ഓഫീസർ